# SANTHOME H.S.S
# KOLAKKAD
# DIGITAL MAGAZINE
# 2018-19



# ഉള്ളടക്കം


| | പേജ് |
|---|---|
| പത്രാധിപ സമിതി | 1 |
| Message from our Headmistress | 2 |
| ആശംസ --അച്ചാമ്മ കെ.ജെ | 3 |
| Little kite നൊരു ആമുഖം | 4 |
| സ്വാർത്ഥ | 5 |
| സമൂഹം ലഹരിച്ചുഴിയിൽ | 6 |
| NATURAL CALAMITIES-IT'S IMPACT AND REMEDIAL MEASURE | 7,8 |
| ചോക്ലേറ്റ് ഗേൾ -കഥ | 9 |
| യാത്ര | 10 |
| കൊഴിയുന്ന ഇലകൾ | 11 |
| ലഹരി ആസക്തിയും ധാർമ്മികമൂല്യങ്ങളും | 12 |
| മുത്തച്ഛനും കുട്ടികളും | 13 |

| | |
|---|---|
| കഥ പറയും പ്രതിമകൾ | 14 |
| നഷ്ട സ്വപ്നങ്ങൾ | 15 |
| അച്ഛൻ | 16 |
| പ്രളയം | 17,18 |
| അദ്ധ്യാപകർ വിളക്കും വെളിച്ചവും | 19,20,21 |
| എന്റെ ഓർമ്മയിലെ പ്രളയദുരന്തം | 22 |
| സൗഹൃദം | 23,22,23 |
| ഗുരു | 24 |
| മധുരമീ ബാല്യം | 25 |
| അമ്മതൻ സ്നേഹം | 26 |
| അമ്മയുടെ സ്നേഹം | 27 |
| അമ്മയാം മാലാഖ | 28 |
| വളരുന്ന വൃദ്ധസദനങ്ങൾ | 29 |
| ഓർമ്മകൾക്കപ്പുറം അമ്മ | 30 |

# പത്രാധിപ സമിതി

## ചീഫ് എഡിറ്റർ

**ശ്രീമതി.റെജീന തോമസ് (പ്രധാനാധ്യാപിക)**

സ്റ്റാഫ് എഡിറ്റര് - സിജി ജോർജ് (ഗണിതശാസ്ത്രാധ്യാപിക)

-സിസ്റ്റർ നാൻസി ജോസ്

(സാമൂഹ്യശാസ്ത്രാധ്യാപിക)

സ്റ്റുഡന്റ് എഡിറ്റർ - സിദ്ധാർത്ഥ് വി.എസ്

## പത്രാധിപ സമിതി അംഗങ്ങൾ



# Message From our Headmistress

I am delighted to know that Little kites from Santhome family is bringing out a digital magazine in connection with their practical work. I would like to congratulate all their who have worked hard to ensure that the magazine remains memorable . I hope the digital magazine will open the vistas  for emerging information technology talents , develop creativity among students and be another feathers in the cap of santhome family . I extend my sincere of school little kites group .

Regina Thomas

Headmistress

Santhome  H.S.S , Kolakkad

# ആശംസ

കൊളക്കാടിന്റെ അഭിമാനമായി,തിലകക്കുറിയായി വിരാജിക്കുന്ന സാൻന്തോം സ്കൂളിൽ അതിന്റെ എല്ലാ പ്രഭാവത്തോടുകൂടി,പ്രതീക്ഷയ്ക്കൊത്ത ചടുലതയോടെ പ്രവൃത്തിക്കുന്ന അനുഭവങ്ങളിലൂടെ അറിവിന്റെ പടവുകൾ വെട്ടിത്തെളിക്കുന്ന ഭാവങ്ങൾ കൊണ്ട് വർണ്ണങ്ങൾ തീർത്ത് വർണ്ണങ്ങൾ കൊണ്ട് ,രൂപങ്ങൾ തീർത്ത്, രൂപങ്ങൾ കൊണ്ട് അക്ഷരങ്ങൾ തീർത്ത് വാക്കുകൾകതീതമായി പ്രവൃത്തിക്കുന്ന ലിറ്റിൽ കൈറ്റ്സിനു എല്ലാവിധ ആശംസകളും,ഭാവുകങ്ങളും നേരുന്നു.

-അച്ചാമ്മ കെ.ജെ



# ലിറ്റിൽ കൈറ്റ്സിനൊരാമുഖം

പാഠപുസ്തകത്തിൽ ചിട്ടപ്പെടുത്തിയിരിക്കുന്ന കേവലമായ അറിവുകളുടെ വിനിമയത്തിനപ്പുറം അധ്യാപകന്റെയും വിദ്യാർത്ഥിയുടേയും സജീവവും സമ്പൂർണ്ണവുമായ പങ്കാളിത്വത്തോടെയുള്ള പ്രവർത്തനാധിഷ്ഠിതവും ശിശുകേന്ദ്രിതവുമായ ഒരു വിദ്യാഭ്യാസപ്രക്രിയ രൂപപ്പെടുത്തുന്ന സംരഭമാണ് 'ലിറ്റിൽ കൈറ്റ്സ് '. "ലിറ്റിൽ കൈറ്റസ് " എന്ന കുട്ടികളുടെ കൂട്ടയ്മ ഹൈടെക് പദ്ധതിയിലൂടെ കേരളത്തിലെ പൊതുവിദ്യലയങ്ങളിൽ നടപ്പിലാക്കുന്നത് . 2017-18 അധ്യയന വർഷത്തിൽ മുൻപ് ഉണ്ടായിരുന്ന " കുട്ടിക്കൂട്ടം" എന്ന സംരംഭം ' ലിറ്റിൽ കൈറ്റ്സ് ' എന്ന കൗതുകമുണർത്തുന്ന പേരിലേക്ക് മാറ്റുകയും ,20 കുട്ടികളെ ഉൾക്കൊള്ളിച്ച് നടപ്പിലാക്കുകയും ചെയ്തു.

ഓരോ കുട്ടിക്കും തനിക്ക് യോജിച്ച മേഖലയോട് ആഭിമുഖ്യം ജനിപ്പിക്കുന്നതിനുള്ള അവസരമൊരുക്കുന്നതിനാണ് വിവിധ വിഷയമേഖലയിലെ പ്രയോഗികപരിശീലനം ,പരിശീലന പദ്ധതിയിൽ ഉൾപ്പെടുത്തിരിക്കുന്നത് . “ഗ്രാഫിക്സ് ,ആനിമേഷൻ , സ്ക്രാച്ച് പ്രോഗ്രാമിംഗ്,പൈത്തൺ പ്രോഗ്രാമിഗ്, മൊബൈൽ ആപ്പ് നിർമ്മാണം ,Robotics,Electronics, hardware , malayalam computing, desktop publishing , internet and cyber security " എന്നിങ്ങനെ വിവിധ മേഖലകളാണ് യൂണിറ്റ്'തല പരിശീലനത്തിൽ ഉൾക്കൊള്ളിച്ചിരിക്കുന്നത് .



# സ്വാർത്ഥ

ഇലകൾ കൊഴിഞ്ഞ് ഉണങ്ങിനിന്ന ഒരു മരം. അനുകൂല കാലാവസ്ഥയുണ്ടായാൽ ആ മരം വീണ്ടും തളിർക്കുമെന്ന പ്രതീക്ഷയിൽ വീട്ടുടമസ്ഥൻ ആ മരം വെട്ടിനശിപ്പിച്ചില്ല. അങ്ങനെയിരിക്കെ അയൽക്കാരിലൊരാൾ വീട്ടുടമസ്ഥനെ കാണാനെത്തി. "ഉണങ്ങിയ മരം വരാനിരിക്കുന്ന ദുരന്തത്തിൻെറ സൂചനയാണെന്നാണ് പറയുന്നത്. അതിനാൽ ഈ മരം വെട്ടികളയണം". കുശലാന്വോഷങ്ങൾക്കു ശേഷം അയാൾ പറഞ്ഞു.

"അങ്ങനെയോ ?എങ്കിൽ ഉടൻ തന്നെ മരം വെട്ടിക്കളയാം." അടുത്ത ദിവസം പണിക്കാരെ വിളിച്ച് വീട്ടുടമസ്ഥൻ ഉണങ്ങിയ മരം വെട്ടിയിട്ടു. അപ്പോൾ പഴയ അയൽക്കാരൻ വീണ്ടും വന്നു. "മരത്തിൻെറ ചില്ലക്കമ്പുകൾ എനിക്കു കിട്ടിയാൽ ഉപകാരമായിരുന്നു."

# സമൂഹം ലഹരിച്ചുഴിയിൽ

ലഹരിതൻ ചുഴിയിൽ പെട്ട പൈതൽ തൻ-
ജീവിതം പുഴപോൽ ലക്ഷ്യമില്ലാ യാത്രയായ്,
ജ്ഞാന ദീപത്തിൽ വിളക്കുകൾ അണഞ്ഞു,
സ്നേഹ മാധുര്യം മറന്നു,
അമ്മ എന്ന രണ്ടക്ഷരം മറന്നു
ജീവിതം ലഹരിയിൽ എരിഞ്ഞടങ്ങി
സൂര്യൻ കണ്ണുപൊത്തുമ്പോൾ കുളിരിൻ
നാണം നടിച്ച് പുഞ്ചിരിയിൽ നുണകുഴി,
വിടർത്തുന്ന പ്രകൃതിയെ മറന്നു!
സമൂഹത്തിൽ വിലനഷ്ടപ്പെട്ട
ജീവനുള്ള ജഡമായി മാറി
മാനവർ കൊലയാളികളായി, സാമൂഹ്യവിരുദ്ധരായി
ജീവിതം തകർന്നടിഞ്ഞു
അവരുടെ സ്വപ്നങ്ങൾ പാഴ് ചിലവായി
നിമിഷങ്ങൾ ലഹരിയിൽ
താഴ്ന്നു പോകുന്നു
നിദ്രകൾ നൊമ്പരമായി
ലഹരിതൻ അടിമയായ് മാറിയവർ
മോചനത്തിനായ് കേഴുന്നു.
ലഹരിതൻ മരണക്കടലിൽ വീണ്
പിടക്കുന്ന മനുഷ്യരേ,
നിങ്ങൾക്കായ് കണ്ണീർ ഒഴുക്കുന്ന ഒരമ്മയുണ്ട്.
മനസ്സിനെ കരിനീരിലാഴ്ത്തി,
ചുട്ടുപഴുത്ത അഗ്നിയുടെ
വരദാനമായി മാറിയ ദുഃഖം
മനസ്സുകളെ വേട്ടയാടുന്നു.
ലഹരിതൻ ഗന്ധം മന്ദമാരുതയിൽ

***ലയിക്കുന്നു.***

***ഓർക്കുക! നിങ്ങളുടേയും മറ്റുള്ളവരുടേയും ജീവിതം ലഹരിയിൽ എരിഞ്ഞടങ്ങുന്നു.***



## NATURAL CALAMITIES-IT'S IMPACT AND REMEDIAL MEASURE

*Nature and human are two parts of a coin .Human need available in nature and human greeds are not available .Due to greedy,human are causing very danger to nature .This causes the depletion of nature .this causes the depletion of humans .the harmful activites tonatureby human are unlimited .so nature itself spoke loudly enough everyone to hear .nature spoke in different ways such as .Natural like flood,cyclone,earthquack.etc are the best example for this was the flood happen those days in kerala.*

*Flood is an overflow of water. It causes very danger to humans .it destroy our life and important properties .it an happen when heavy rainfall occurs ,any damages to dams, strong accumulation,and etc .Flood will destroy many lifes of human. We can see that n channels .The flood occured in kerala;it causes very danger to humans beginning of 2018 june .the south part of kerala recived heavy rainfall moonson season. About 205% more rainfall in kerala .about of 1 lakh of more people lost their life in this flood 50 or more people were missed .this flood causes many problems inn our state kerala.*

*Other major*

*calamities were landslides .it causes many dangerous to peoples. The main reason for this was deforestation, levelling of hills etc.. the best example for this was the landslide that happened in Ambayattod. One side of the hills was also destroyed. The main reason for this was the harmful activities of human*

*earthquake was another danger. It happened when plate movement occurs. It can causes very danger to the life of humans and properties .all these calamities are happened because of human activities. Deforestation is increasing nowadays the forests are reducing day to day. The oxygen we need to breathe is produced by plants and trees these plants and trees are cutting. The amount of carbon dioxide will increase and oxygent he breathe of life will decease This causes the global warming if we cut one tree instead of that plant 10 or more trees. If these trees are destroyed the natures green dress will also destroyed.*

*The rivers are polluting day by day. He main reason for this was the water dumping into it. The rivers are ornaments of nature. If we, the humans are polluting this rivers the ornaments of nature will fader gradually*

*WE SHOULD ;-*

*STOP DEFORESTATION*

*STOP DUMPING WATER TO RIVER*

*DON'T DUMP WATER TO RIVER*

*DO NOT LEVEL THE HILLS*

*DO NOT LEVEL THE WATER SOURCES*

*we want to start love nature. Consider the nature as our mother. Do not cut mothers leg or hand. Don't put even a small bit of soil to our mother's body.*

***THE END***

# ഒരു ചോക്ലേറ്റ്ഗേൾ

അമ്മയുടെയും, അച്ഛന്റെയും ചൂടുപറ്റി കിടന്നുറങ്ങിയ ആ രാത്രി. അത്
ഒരിക്കലും മറക്കില്ലവൾ.അതു മാത്രമേ
അവൾക്ക് ഓർമ്മയുള്ളൂ. എല്ലാം എത്ര
പെട്ടന്നായിരുന്നു. കലിതുള്ളി പെയ്തിറങ്ങിയ മഴയും, കാറ്റും, മേലാകെ
വിറപ്പിക്കുന്ന മിന്നലും,അതിനുപുറകെ
ഘോഷയാത്രയുമായി എത്തുന്ന ഇടിയും,
ഇപ്പോഴും ഇതു പറയുമ്പോൾ അവളുടെ
മുഖമാകെ ഭീതിയിലാഴും എല്ലാം ഉള്ള
അവളെ ഒന്നുമില്ലാതെ, അനാഥയാക്കിയ
ആ രാത്രി.ഞാൻ അവളെ കാണുമ്പോൾ,
കരഞ്ഞു കണ്ണുകലങ്ങി, മുഖമാകെ ചുവന്നു
തുടുത്ത്,ചെമ്പിച്ച കോലൻ മുടികൾ മുമ്പിലേക്ക് പുരികത്തെ മറയ്ക്കും
വിധം,

*കിടക്കുന്നുണ്ടായിരുന്നു, ഒരു സുന്ദരികുട്ടി! ആ ക്യാമ്പിൽ*
*ആരുടെയൊക്കെയോ, സഹായത്താൽ എത്തിപ്പെട്ടതാണവൾ.*

# യാത്ര

ഒലിവുമലയുടെ താഴ്വരയിലൂടെയാണ് ഇന്നത്തെ എൻ്റെ യാത്ര. അനേകം ഗ്രാമങ്ങളിലൂടെ യാത്ര ചെയ്തു. പല യത്രകളും അനുഭവങ്ങൾ തന്നിട്ടുമുണ്ട്. ആ യാത്രക്കിടെ ഒരുകൊച്ചു ഗ്രാമത്തിൽ എത്തിപ്പെട്ടു. അവിടുത്തെ ഗ്രാമവാസികൾ എന്ന് അത്ഭുതത്തോടെ നോക്കി. ഗ്രാമത്തിലെ ചില ചെറുപ്പക്കാരികൾ എന്നെനോക്കിയൊന്നു പുഞ്ചിരിച്ചു. അപ്പോഴാണ് എന്നോ കണ്ടുമറിഞ്ഞ ഒരു മുഖം മുന്നിലൂടെ കടന്നുപോയി അയാളുടെപുറകെ ഞാൻ ചെന്നു കണ്ടില്ല.! ഗ്രാമത്തിൻ്റെ ഇടവഴകളിലൂടെ ഞാൻ നടന്നു അപ്പോഴാണ് ഞാൻ ശ്രദ്ധിച്ചത് എൻ്റെ തുണിബാഗ് നഷ്ടപ്പെട്ടു "ഭയ്യാ"! എന്ന് പുറകിൽനിന്നുമൊരു വിളി. ഒരു മുത്തച്ഛൻ ചെറുപുനഞ്ചി- രിയോടെ എന്നോട് പറഞ്ഞു. നിങ്ങളുടെ ബാഗ് ആണോ ഇത്. അതെ എന്ന് ഞാൻ മറുപ്പടി പറഞ്ഞു. മുത്തച്ഛൻ എനിക്ക് തന്നു മുത്തച്ഛൻ തൻ്റെ വീട്ടിലേക്ക് ക്ഷണിച്ചു. എന്നാൽ സമയം കുറവാണെന്ന് പറഞ്ഞ് ഞാൻ മടങ്ങി. പുതിയ ഗ്രാമത്തിലേക്ക് പുതിയ അനുഭവങ്ങളുമായി എൻ്റെ യാത്ര തുടരുകയാണ്...............



# കൊഴിയുന്ന ഇലകൾ

തളരാന്നല്ല വളരാനാണ് എന്റെ ജീവിതം
കൊഴിയുന്ന ഇലകൾ മാത്രമെ വീണ്ടും
തളിർക്കു എന്ന് ഓർക്കുക മനുജാ നീ
തളരുമ്പോൾ ഉള്ള വേദന വളരാ-
നാണെന്ന് അറിയുക നീ
ആമരം പോയാൽ പിന്നെ ഇല
തളിർക്കുമോ ആമരം കായിക്കുമോ?

മരിക്കണം എന്ന് ഓർത്തുപോയി പലപ്പോഴും
എന്നാൽ വിസമതിച്ചീടുന്ന
പല മുഖങ്ങളാൽ ഉൾത്തിരികളെ
അണയ്ക്കുന്ന ചിന്തകളെ അകറ്റുവാൻ
വേണം നമുക്ക് വിവേകം എന്ന വാൾ

കയിപ്പ് എന്തെന്ന് അറിഞ്ഞാലെ മധുര
എന്തെന്നറിയും
കൊഴിയുന്ന ഇലകൾ മാത്രമെ വീണ്ടും
തള്ളിർക്കു തളരാനല്ല  വളരാനാണ്
എൻെ ജീവിതം.

*-അതുല്യ റോസ് ജോഷി*



## ഉപന്യാസം

### ലഹരി ആസക്തിയും ധാർമ്മികമൂല്യങ്ങളും

ഇന്നത്തെ സമൂഹത്തിൽ ലഹരിയുടെ ഉപയോഗം മനുഷ്യരെ കാർന്നു തിന്നുന്ന വിഭവമായി കേരളമൊട്ടാകെ മാറുകയാണ്. ഈ കലാലയങ്ങൾക്ക് കൈയ്യാമ ഇടുകയെന്നതാവട്ടെ എന്റെ ചെറു ഉപന്യാസം.

അറബിക്കടലിന്റെ റാണി എന്നറിയപ്പെടുന്ന കൊച്ചി എന്ന മഹാനഗരം ലഹരിയുടെ ആസ്ഥാനമായി മാറുകയാണ്. “chamber of industrial” ലിന്റെ അഭിപ്രായമനുസരിച്ച് ഇന്ത്യയിൽ ഏറ്റവുമധികം ലഹരി ഉപയോഗിക്കുന്ന അമ്പതാമത്തെ നഗരമാണ് കൊച്ചി. ലഹരിയിൽ അടിമപ്പെടുന്ന ഇളം തലമുറ ഇതിന്റെ ആരോഗ്യപ്രശ്നങ്ങളെക്കുറിച്ച് അധികം ആശങ്കയില്ലാതെ ലഹരിയുടെ പിടിയിൽ അമരുകയാണ് ചെയ്യുന്നത്. ഇതിന്റെ ദോഷഫലങ്ങൾ അറിയുന്ന ഏതൊരാളും ഇതിനെ എതിർക്കുന്നു. മദ്യം ഇന്ന് മാനവികതയുടെ കളിത്തൊട്ടിൽ ആയി മാറുന്നു. മരണവീടുകൾ പോലും ഇന്ന് മദ്യത്തെ ഉപയോഗിക്കുന്നു. ഇതിലൂടെ കേരളത്തിന്റെ ഭയാനകമായ മുഖംമൂടി അഴിഞ്ഞുവീഴുന്നു. മദ്യം വാങ്ങരുത്,വിൽക്കരുത്,ഉപയോഗിക്കരുത് എന്ന ഗാന്ധിയുടെ വാക്കുകൾ ശ്രദ്ധേയമാണ്. പനക്കൊതിക്കും,ഉപയോഗഭത്കരണത്തിനും വേണ്ടി മദ്യം ഇന്ന് ബീവറേജുകളിൽ കോടിക്കണക്കിനു വളരുകയാണ്. പാവപ്പെട്ടവന്റെയും, അദ്ധ്വാനിക്കുന്നവന്റെയും കൈയ്യിൽ മദ്യം ഇന്ന് എത്തിക്കഴിഞ്ഞു.ഹൃദയാഘാതം ലിവർ സിറോസിസ് എന്നിവ വരുത്തിവയ്ക്കുന്നതിന്റെ മുഖ്യഘടകം മദ്യമാണ്. പാൻപാരാഗും സിഗരറ്റും ഇന്ന് സമൂഹത്തിൽ സുരഭിലമായി

വളർന്നുകഴിഞ്ഞു. കൗമാരക്കാരായ കുട്ടികളിലേക്കാണ് ലഹരി തന്റെ ചിലന്തിവല വിരിക്കുന്നത്. ആദ്യം ഒരു തമാശയ്ക്കു വേണ്ടി ചെയ്തതാണെങ്കിലും ക്രമേണ നാം അതിന്റെ വലയത്തിൽ അകപ്പെട്ട് ജീവിതശ്വാസഗന്ധനറിഞ്ഞ് മരിക്കുകയാണ് ചെയ്യുന്നത്. ഇന്ന് ലഹരിയുടെ അടിമകളായി മാറുന്ന കൗമാരം ദുഷ്ടചിന്തകളിലൂടെയും,അഭിചാരത്തിലൂടെയും കടന്നുപോവുന്നു. യൗവനകാലത്തിന്റെ ആരംഭത്തിൽ കൗതുകത്തിനായി ഉപയോഗിച്ച് തെറ്റിലേക്ക് വീഴുന്ന ആ വിഷസർപ്പത്തെ നാം തിരിച്ചറിയാൻ വൈകിയിരിക്കുന്നു. കഞ്ചാവ് വലിച്ച് സന്തോഷം കണ്ടെത്തുന്നവരും നമ്മുടെ സമൂഹത്തിൽ ഉണ്ടെന്ന പ്രചാരണം ആധുനികകേരളത്തെ ജീർണ്ണതയുടെ മുഖമായി തിരിക്കുന്നു. ചിലന്തിവലയിൽ അകപ്പെട്ട നക്ഷത്രശലഭത്തിന്റെ അവസ്ഥയാണ് ലഹരി നമുക്ക് പ്രദാനം ചെയ്യുന്നത്.മോഷണം,കൊലപാതകം,ബലാത്സംഗം എന്നിവ മനുഷ്യൻ ചെയ്യുന്നതുപോലെ മൃഗങ്ങൾപ്പോലും ചെയ്യില്ല.

# മുത്തച്ഛനും കുട്ടികളും

ആ കാണുന്ന ഓടിട്ട വീട്ടിലാണ് മനുവും,
മിന്നുവും അവരുടെ അച്ഛനും അമ്മയും
മുത്തച്ഛനും , മുത്തശ്ശിയും താമസിക്കുന്നത്.
മനുവിനും,മിന്നുവിനും മുത്തശ്ശി നല്ല
പാട്ടുകൾ പാടിക്കൊടുക്കും, നല്ല കഥകൾ
പറഞ്ഞുകൊടുക്കും. മുത്തച്ഛൻ പത്രം വായിച്ച്
വാർത്തകളൊക്കെ കേൾപ്പിക്കും, അച്ഛനും,
അമ്മയും വീട്ടിലേയും, പറമ്പിലേയും ജോലികൾ എല്ലാം ചെയ്യും.
മനുവും മിന്നുവും സ്കൂളിൽ പോകും.ഒരു ദിവസം രാവിലെ മുത്തച്ഛൻ
മുത്തശ്ശിയെ നീട്ടിവിളിച്ചു. ജാനുവേ... ജാനുവേ..
നീ എൻെറ കണ്ണട കണ്ടോ. മുത്തശ്ശി പറഞ്ഞു ഞാൻ എങ്ങും
കണ്ടില്ല. ആ മുറിയിലെ മേശപ്പുറത്തങ്ങാനും നോക്ക്.
മുത്തച്ഛൻ മുറിയിലും , മേശയിലും, അലമാ-
രയിലും എന്നല്ല സകല സ്ഥലത്തും നോക്കി.
കൂടെ കുട്ടികളും തപ്പി. ഒരിടത്തും കണ്ണട
കണ്ടില്ല. ഒടുവിൽ എന്തോ പറഞ്ഞ് മുത്തച്ഛൻെറ മുഖത്തേക്ക്
നോക്കിയ മിന്നു-
കുട്ടിചിരിയോചിരി. ഇതുകണ്ട മനുവും
മുത്തച്ഛൻെറ മുഖത്തേക്ക് നോക്കി ചിരിയോ-
ചിരി. അപ്പോൾ ഇതുകണ്ട മുത്തച്ഛന് ദേഷ്യം
വന്നു. നിന്നു ചിരിക്കാതെ കാര്യം പറ
കുട്ട്യോളെ , അവസാനം മനുവും മിന്നുവും
കാര്യം പറഞ്ഞു. മുത്തച്ഛാ... കണ്ണട കാണാ-
തെ എവിടെയെല്ലാം തപ്പി, ഇനി മുത്തച്ഛൻ

**സ്വന്തം മുഖത്ത് ഒന്ന് തപ്പി നോക്കിക്കെ.**
**ഇതുകേട്ട് എല്ലാവരും മുത്തച്ഛൻെറ മുഖത്ത്**
***നോക്കി ഉറക്കെ ചിരിക്കാൻ തുടങ്ങി.***



# കഥ പറയും പ്രതിമകൾ ( ഉപന്യാസം )

മനുഷ്യനും സിംഹവും കാട്ടിലൂടെ നടക്കുകയാണ്.ശക്തിയിലും,ശൗര്യത്തിലും ആരാണ് കേമനെന്ന് തർക്കിച്ചുകൊണ്ടാണ് നടപ്പ്.അതിനിടെ അവർ ഒരു കരിങ്കൽ പ്രതിമ കണ്ടു;ഒരു സിംഹത്തെ കഴുത്തുഞെരിച്ച് കൊല്ലുന്ന മനുഷ്യരൂപം.അതുകണ്ട് മനുഷ്യൻ ആവേശത്തോടെ പറഞ്ഞു-കണ്ടില്ലേ ഞങ്ങൾ
എത്ര കരുത്തരാണെന്ന്. സിംഹം പരിഹാസത്തോടെ പറഞ്ഞു,ഇത് നിങ്ങൾ

മനുഷ്യനും സിംഹവും കാട്ടിലൂടെ നടക്കുകയാണ്.ശക്തിയിലും,ശൗര്യത്തിലും ആരാണ് കേമനെന്ന് തർക്കിച്ചുകൊണ്ടാണ് നടപ്പ്.അതിനിടെ അവർ ഒരു കരിങ്കൽ
മനുഷ്യർ നിർമ്മിച്ചതല്ലേ?ഞങ്ങൾക്ക് പ്രതിമയുണ്ടാക്കാൻ അറിയുമായിരുന്നെങ്കിൽ
കാര്യങ്ങൾ ഇങ്ങനെയാകില്ല.
ഒരോ പ്രതിമയ്ക്കും ഒന്നിലേറെ കഥകൾ പറയാനുണ്ടാകും,ആത്മകഥ മാത്രമല്ല,അതുനിർമ്മിച്ചവരുടെ കഥകളും.പ്രതിമ പ്രതിനിധാനം ചെയ്യുന്നവരുടെ
സവിശേഷതകളെക്കാൾ,നിർമ്മിച്ചവരുടെ മനോഭാവം അതിൽ പ്രതിഫലിക്കും.വ്യഖ്യാനശൈലിക്കനുസരിച്ച് പ്രതിമയുടെ രൂപവും ഭാവവും മാറും.
ക്രൂരനായ ഭരണാധികാരിയുടെ ശിൽപത്തിന് കരുണയുടെ ഭാവം നൽകി നാടുമുഴുവൻ പ്രതിഷ്ഠിച്ചാൽ,തലമുറകൾക്കുശേഷം അയാൾ

അലിവിന്റെ അവതിരമായി വാഴ്ത്തപ്പെടും.

നിർമ്മിക്കുന്ന ശിൽപങ്ങളോടുള്ള സ്നേഹവും,ബഹുമാനവും അത് നിർമ്മിക്കുന്നവർക്കും,കാണുന്നവർക്കും ഉണ്ടായിരുന്നെങ്കിൽ സത്കർമ്മങ്ങളും,മൂല്യങ്ങളും അവയുടെ തനിമ എക്കാലവും നിലനിർത്തിയേനെ.പ്രതിരൂപങ്ങൾ പ്രദർശിപ്പിക്കേണ്ടത്,സത്യത്തിന്റെ ദു:ഖവും,പരയേണ്ടത് പ്രചോദനത്തിന്റെ കഥകളാണ്. എല്ലാവരും പ്രചരിപ്പിക്കുകയും,സ്ഥാപിക്കുകയും ചെയ്യുന്നത്,സ്വന്തം വശത്തനിന്നുള്ള വിവരങ്ങളായിരിക്കും.പ്രതിഷ്ഠിച്ചത് എന്താണെന്ന മാത്രമല്ല,പ്രതിനാധാനം ചെയ്യുന്നത് എന്താണെന്നുകൂടി തിരിച്ചറിയാൻ പ്രതിമകളെ ബഹുമാനിക്കുന്നവർക്കു കഴിയണം.ആകാരഭംഗിമാത്രമല്ല, കർമശ്രേഷ്ഠതയും പ്രതിഷ്ഠകൾക്ക് അടിസ്ഥാനമാകണം.ഹാരാർപ്പണത്തോടൊപ്പം കർമാനുകരമവും സംഭവിക്കുമ്പോൾ പ്രതിമക്കൾക്കു ജീവൻ വയ്ക്കും.

ലിബിയ മരിയ ജിമ്മി

# നഷ്ട സ്വപ്നങ്ങൾ [കവിത]

പെട്ടെന്നു വിടരുന്ന നഷ്ടങ്ങളെല്ലാം
പെട്ടെന്നു മായുന്ന ജീവനുമായി
വേഗത്തിൽ വന്നു വേഗം മറഞ്ഞു
നഷ്ട സ്വപ്നങ്ങളും ബാക്കിയായ്മാറ്റി
ജിവൻ മരണ പോരാട്ടവുമായ് തീർത്ത
സൗഭാഗ്യങ്ങളും സമാധാനവും എവിടെ
ഒരു കണ്ണടച്ച് തുറക്കും മുമ്പേ
ജീവൻ പൊലിയുന്ന വേദന നൽകി
ഒരിപാട്ട  മുഖങ്ങൾ മണ്ണിൽ അലിഞ്ഞുപോയ്
കാണാതെ പൊയൊരു സ്വപനമെല്ലാം
നീർത്തുള്ളി ബാക്കിയായ് മാറ്റി

കേടമഞ്ഞുപോൽ വന്നെന്റെ ജീവിതമാകെ-
ചിട്ടെരിച്ചു മാറ്റി എന്റെ മോഹത്തെ
വെള്ളമില്ലെന്ന ഒരിപാട്ട വാക്കുകൾ
വെള്ളത്താലലിഞ്ഞുപോയ് എന്നെന്നേക്കുമായി
നിലാവുളക്കും പോലെ വന്നെത്തിച്ചാരെ
എരിവെയിൽ ചൂട്ടപോൽ ഓടിമറഞ്ഞു
കാത്തുകാത്തിരുന്നവന്നൊരു വർഷം
തിരികെ മടങ്ങി ശാപവുമായി

തീരാദു:ഖങ്ങളും ബാക്കിയായ് വച്ച്
ഒരാക്കലും കാണാതെ പ്രകടനം തീർത്തു
വെള്ളത്തിന്റെ പരാതി തീർത്തും ഇല്ലാതാക്കി
പോയ് മറഞ്ഞു കാലവർഷം
സൂര്യാസ്തമയങ്ങൾപോലെ
മഹാമാരിയും ഇടിമിന്നലും വെള്ളവും
തുത്തുവാരിഒരുപാട് ജീവനെ

കുടുംബങ്ങൾ അറിയാതെ ഒരിപാട്ടു
ദുരിതങ്ങൾ വന്നുചേർന്ന വേഗം മറഞ്ഞുപോയി
കാലത്തിൻ പോക്കിനെ കോണാതെ പോയപ്പോൾ
പ്രകൃതി നൽകിയനഷ്ട ഭാഗ്യങ്ങളാണിവ
മനുഷ്യർ പഠിക്കേണ്ട ഒരുപാടുകാര്യങ്ങൾ
മനസ്സിലാക്കിത്തന്നു പ്രളയദുരിതം

- ബിസ്ന എം ബാബു

## അച്ഛൻ [കഥാരചന]

ഒരു രാത്രി അതികഠോരമായ് മഴ
പുറത്തതകർത്തുപെയ്യുകയാണ്.അശ്വതി ജനൽ മെല്ലെ
തുറന്നുനോക്കിയപ്പോഴേക്കും മഴയുടെ
സഹോദരന്മാരായഇടിയും,മിന്നലും.ഒരുസെക്കന്റ് നേരം
കണ്ണുകളിലൂടെയെന്തോ മിന്നിമറയുന്നതുപോലെഅവൾക്ക്
തോന്നി.പിന്നാലെ അതിഭയാനകവും,ശബ്ദകോലാഹലത്തോടുകൂടി
ഭൂമിയെത്തന്നെ പിടിച്ചുലച്ച ഇടിമുഴക്കം.ഇടിയും,മിന്നലും തങ്ങളുടെ
നർത്തനതാണ്ഡവത്തിനു പതിയെ ഒരിടവേള നൽകി. ഓടിന്റെ
വിടവിലൂടെ മഴത്തുള്ളികൾ നൈർമല്യത്തോടെ ഒരു
വെള്ളിനൂലുപോലെ ആഴ്ന്നിറങ്ങുകയും,ചിന്നിത്തെറിക്കുകയും
ചെയ്യുന്നു.വെള്ളതുള്ളികൾ ഓടിൻ മുകളില വീണ്
ചരലുപെറുക്കിയിടുന്നപോലെയുള്ള ശബ്ദം, അവളുടെ
കാതുകളിൽമുഴക്കത്തിന്റെ മാറ്റൊലി തീർത്തു.നർത്തനത്തിടെ
മഴയൊന്നു ക്ഷമിച്ചപ്പോൾ അവൾ തന്റെ വസതിയുടെ വാതിൽ തുറന്നു.
ടക്!എന്ന ശബദവുമായ് ആ വാതിൽ തുറക്കപെട്ടു. മഴയുടെ ആരവം
കേട്ടുനിൽക്കെ അവൾ പതിയെ പിച്ച വച്ച് തന്റെ വീടിന്റെ
ഉമ്മറകോലായിലേക്കു ചലിച്ചു.ഉമ്മറകോലായിൽ വെച്ചിരുന്ന തന്റെ
അച്ഛന്റെ ചാരുകസേരയിൽ അവൾ
ചാഞ്ഞിരുന്നു.അതികഠോരവും,ഭയാനകവുമായ ഇടിമുഴക്കം കേൾക്കും
തോറും അവൾ തന്റെ കഴുത്തിലിട്ട രുദ്രാക്ഷമാലയിലെ ഒരോ മുത്തിലും
പിടിച്ചുകൊണ്ട് തേനീച്ചയുടെ മുരൾച്ച പോലെ രാമനാമം ജപിക്കാൻ
തുടങ്ങി.രാമനാമത്തിലെ ഒരോ കണികളും ഇടിമുഴക്കം
കേൾക്കുന്നതിനോടുള്ളഭയം ഒരുണ്ടപോലെ അവൾക്കനുഭവപ്പെട്ടു.നാമം
ജപിക്കുന്നതിൽ നിന്നും അവൾ ഒരു വേദനാജനകമായ ചിന്തയിലേക്കു
വഴുതിവീണു.കുട്ടിക്കാലത്ത് മഴയെന്നുവെച്ചാൽ
ജീവനായിരുന്നു.എന്നാൽ ഇപ്പോൾ മഴയോട് അവൾക്ക്

വെറുപ്പാണ്.അതിനുകാരണം മഴയെ ഇഷ്ട്ടപ്പെടാൻ പഠിപ്പിച്ച തന്റെ അച്ഛനെയാണ് മഴ .....

രണ്ടു വർഷങ്ങൾക്കു മുമ്പ് ഇതുപോലൊരു ദിവസം. തന്റെ അച്ഛൻ തന്നോടു വിടപറഞ്ഞ ദിവസം.തന്റെ അച്ഛൻ നനഞ്ഞു കുതിർന്ന ദേഹവുമായ് കിടന്ന സമയം.

കുന്തിപ്പുഴയുടെ നടുവതെത്തിയപ്പോൾ തോണിമറിഞ്ഞു.യാത്രക്കാരുടെ ജീവൻ രക്ഷിക്കാനായ തന്റെ അച്ഛൻ അന്നു പുഴയിലേക്കെടുത്തു ചാടിയത് അവൾ ഓർത്തു. താനും, അമ്മയും തടഞ്ഞിട്ടും ,പുഴയുടെ നടുവിലുള്ള ആലക്കല്ല് ജലത്താൽ മൂടിയതറിഞ്ഞിട്ടും അച്ഛൻ തന്റെ ജീവൻ പണയപ്പെടുത്തി

നാട്ടുക്കാരെ രക്ഷിക്കാൻ വേണ്ടിപ്പോയി,എല്ലാവരെയും രക്ഷിച്ചിട്ടും, കരക്കെത്തിയ അച്ചന്റെ ത്രുതിയടഞ്ഞ ശരീരം ഇന്നും അവളുടെ ഓർമയിൽമായാതെ കിടക്കുന്നു

-ഷിഫാന.പി



# പ്രളയം[കവിത]

ചിറകുകളക്കൊപ്പം മനസ്സും തളർത്തി മഹാപ്രളയം

കേരളത്തെനടുക്കി !

മഴ പെയതിറങ്ങി,മണ്ണിന്റെ ചുണ്ടുകളിലൂടെ

കേരളത്തിൻ മാറിലൂടെ!

സ്വപ്നങ്ങൾ തൻ ചീട്ടുക്കൊട്ടാരം ജീവിതം
തകർന്നടിയുമ്പോൾ മനസ്സിൽപ്രതീക്ഷ തൻ
തളിർനാമ്പുകൾ  മനസ്സിൽ മുളപൊട്ടുന്നു
പ്രകൃതി തൻ ക്ഷോഭത്താൽ
പൊലിഞ്ഞ ജീവനികൾനാടിന്റെ കണ്ണീർ
ഓർമ്മയായ് മാറുമ്പോൾ
നവകേരളം പുനർജനിക്കുന്നു
കേരളീയമക്കൾ തൻ ജീവിതംപുഴപോൽ
ലക്ഷ്യമില്ലായാത്രയായി മാറുന്നു
നിമാഷങ്ങൾ നൊമ്പരമാവുന്നു
നിദ്രകൾ വിലാപമാകുന്നു
സ്വപ്നങ്ങൾ പാഴ്പ്പിലാകുന്നു
കരഭേദിച്ച് മലർന്നുക്കിടക്കുന്ന പുഴത്തൻ
മാറിലൂട്ടി ജീവിതങ്ങൾ
ഹൃദയത്തെ കരിനിഴലി ലാഴ്ത്തി ചുട്ടുപഴുത്ത

അഗ്നിതൻ വരദാനമായി ദു:ഖം
സൂര്യൻ കണ്ണുപൊത്തുമ്പോൾ കുളിരിൻ സ്നേഹം നടിച്ച്
പറവകൾ ഇണചേരുമ്പോൾനാണം നടിച്ചും
നീലക്കുറിഞ്ഞി തീർത്ത മാസ്മരികലോകവും കേരളത്തിലില്ലാ
പ്രകൃതിതൻ മാക്സമരികലോകവും  ഇനിയില്ല
ഒരിറ്റുവെള്ളത്തിനായ്  കേണവർ
വസ്തങ്ങളില്ലാ ഭക്ഷണമില്ലാ മനസ്സിനെ നടുക്കിയ
ഓർമ്മകൾ മാത്രം

സ്വപ്നങ്ങൾ മാത്രം ബാക്കിയാക്കി വിടപറഞ്ഞവർ

കേരള മക്കൾ അഭയാർത്ഥികളായ് മാറിയപ്പോൾ
അമ്മിഞ്ഞപ്പാൽ നുണയുന്ന കരച്ചിലുകൾ കേൾക്കുമ്പോൾ
പിഞ്ചുബാല്യം കൈവിടാതെ  കുഞ്ഞുങ്ങൾ തൻ ചിരിമറയുമ്പോൾ
മാതൃത്വം തേങ്ങുമ്പോൾ
മനസ്സിൽ നിന്നാരോ പറയുന്നു കേരളം പുനർജീവിക്കണം
സ്വപാനങ്ങൾ തൻകോട്ട ഉയരണം
ദുഃഖം മാറി സന്തോഷം ഉയർക്കണം
നേട്ടങ്ങൾ കൈവരിക്കണം
ദുരന്തത്തെ അതിജീവിക്കണം
പക്ഷേ , പ്രതീക്ഷകൾ അസ്തമിക്കരുത് ദാരിദ്രം പിൻതുടരരുത്
ജീവിതം കരകേറണം
സ്വപ്നത്തിന്റെയും ചിരിയുടെയും
വസന്തക്കാലം  ഇനി പൊട്ടിവിടരണം
മഹാപ്രളയത്തെ മറികടക്കുമ്പോൾ
കേരളം അതിജീവിക്കണം
പുനർജീവിക്കണം

അനീറ്റ ജോസഫ്



# അദ്ധ്യാപകർ വിളക്കും വെളിച്ചവും [ഉപന്യാസം]

വർഷങ്ങൾക്കപ്പുറം ആദ്യമായി വിദ്യാലയത്തിന്റെ
പടികടന്നെത്തിയപ്പോൾ അറിവിന്റെ ആദ്യാക്ഷരങ്ങൾ
പകർന്നുകൊണ്ട് നമ്മെ വിജ്ഞാനലോകത്തേക്ക് നയിച്ച നമ്മുടെ
പ്രിയപ്പെട്ട അദ്ധ്യാപകർ, കേവലം ഒരു വാക്കുകൊണ്ട്
ഒതുക്കാവുന്നതല്ല അവരോടുള്ള നമ്മുടെ കടമകൾ
ഓരോ വിദ്ധ്യർത്ഥിയുടെയും രണ്ടാമത്തെ വീടാണ്
വിദ്യാലയം.രണ്ടാമത്തെ മാതാപിതാക്കളാണ് അദ്ധ്യപകർ. ഒരു
വിദ്യാർത്ഥി തന്റെ ശൈശവബാല്യകാലങ്ങൾ ഏറിയതും
ചിലവഴിക്കുന്ന വിദ്യാലയത്തിൽ നിന്ന്
വീട്ടിൽ നിന്ന് ലഭിക്കുന്നതിനെക്കാൾ കൂടുതൽ നല്ല ശീലങ്ങൾ
സ്വായത്തമാക്കാം. “മാതാപിതാക്കൾ ജീവൻ
നൽകുന്നു;അദ്ധ്യാപകർ ജീവിതം നൽകുന്നു”എന്നു പറഞ്ഞ
മഹാനായ അരിസ്റ്റോട്ടിലിന്റെ ഗുരുവചനം ഇവിടെ ഏറെ
സ്മരണീയമാണ്. സാക്ഷര കേരളത്തിൽ മാത്രമല്ല
അറിവിന്റെ ലോകത്തിൽ പിച്ചവെയ്ക്കുന്നവർക്കെല്ലാം സ്വന്ടം
ജീവിതത്തെ
വഴിനടത്തിയ ഗുരുസ്മരണകളുടെ സമ്പത്തുണ്ടാകുമെന്നതു
നിശ്ചയമാണ്.
മാതാപിതാക്കളുടെ സ്നേഹവും ശിക്ഷണവും കുട്ടികളിൽ ഉറച്ച ഒരു
വ്യക്തിത്വത്തിന് അടിത്തറയിടുമ്പോൾ വിദ്ധ്യാലയങ്ങളിൽ
വിദ്ധ്യാർത്ഥിയുടെ
മാതാവും പിതാവും  അദ്ധ്യാപകരാണ്.അക്ഷര-ആശയ
മൂല്യസമ്പത്തുനൽകി ഉത്തമപൗര്യൻമാരാക്കുവാൻ
ഈശ്വരകരങ്ങളിലെ

ഉപകരണങ്ങളാക്കുന്നവരാണ് അദ്ധ്യാപകർ.ഇന്ത്യ കണ്ട മികച്ച ചിന്തകരിൽ ഒരാളും സ്വതന്ത്ര ഇന്ത്യയുടെ പ്രഥമ ഉപരാഷ്ട്രപതിയും രണ്ടാമത്തെ രാഷ്ട്രപതിയുമായ ഡോ.എസ് രാധാകൃഷ്ണന്റെ ജന്മദിനമായ സെപ്റ്റംബർ 5 ദേശീയ അദ്ധ്യാപക ദിനമായി ആചരിക്കുമ്പോൾ ഗുരുകുല പാരമ്പര്യത്തിന്റെ മഹാചരിതം വാഴ്ത്തുകയാണ് ഭാരതം.

"മാതാ,പിതാ,ഗുരു,ദൈവം"എന്ന ആർഷഭാരതസംസ്കാരം വിരൽ ചൂണ്ടുന്നതും ഗുരുവിന്റെ പ്രാധാന്യത്തിലേക്കാണ്. അത്യുന്നതനും അറിവിന്റെ ഉറവിടമായ ദൈവത്തിലേക്ക് നമ്മെ നയിക്കുന്നത് അദ്ധ്യാപകരാണ്.തറിമണലിലും,അരിമണിയിലും വിരൽക്കൊണ്ട് എഴുതി ,വിരൽവഴക്കം നേടിയ വിദ്ധ്യാർത്ഥിമനസിനും ഗുരു എന്ന രൂപമെന്നും ക്ലാസ് മുറിയിലെ കറുത്ത ബോർഡിലെ വെള്ളുത്ത അക്ഷരങ്ങളാണ് ഇതുപോലെ നമ്മുടെ മനസ്സിലെ അജ്ഞതയാകുന്ന അന്ധകാരത്തെ വെണ്മയാകുന്ന വിജ്ഞാനം കൊണ്ട് അദ്ധ്യാപകർ നിറയ്ക്കുന്നു.'അന്ധകാരത്തെ അകറ്റുന്നവൻ 'എന്ന അർത്ഥം സ്വജീവിതത്തിലൂടെ സ്വാർത്ഥകമാക്കുകയും ചെയ്യുന്നു. "വാദ്യാർത്ഥിയുടെ ക്രിയാത്മകതയിലും അറിവിലും ആനന്ദം ഉത്പാദിപ്പിക്കുന്ന ഗുരു മഹാനാണ് "എന്ന ആൽബർട്ട് ഐൻസ്റ്റൈനും ,ശരാശരി ടീച്ചർ സങ്കീർണതകളെ വ്യാഖ്യാനിക്കുമ്പോൾ വരം ലഭിച്ച ടീച്ചർ അറിവിന്റെ ലാളിത്യത്തെ വെള്ളിപ്പെടുത്തുന്നു എന്ന് റോബർട്ട് ബ്രൗൾട്ടും പറയുന്നു.

മഹാകവി ടാഗോറിന്റെ അഭിപ്രായത്തിൽ വിദ്യാഭ്യാസം കേവലം പുസ്തക പഠനമല്ല ,അത് ഒരോ വ്യക്തിയിലിം അന്തർലീനമായ

ഉത്തമ അംശങ്ങളെ പുറത്തുകൊണ്ടുവരുന്ന ശക്തിയാണ് .ആ ശക്തിയെ പുറത്തുക്കൊണ്ടുവരുന്നനാകട്ടെ അധ്യാപകരും.സ്വമി വിവേകാനന്ദൻ പറയുന്ന മനുഷ്യനിൽ സ്വാദുള്ള പൂർണ്ണതയുടെ പ്രകാശമാണ് വിദ്യാഭ്യാസം.ആ പൂർണ്ണതയിലേക്ക് നയാക്കുന്നത് അദ്ധ്യാപകരാണ് .എല്ലാ പോരായാമകൾക്കും ഉള്ള സിദ്ധൗഷധമാണ് വിദ്യാഭ്യാസം.

കൈപിടിച്ച് പള്ളിക്കൂടത്തിലേക്ക് കൊണ്ടുവന്ന മാതാപിതാക്കളെക്കാൾ
വിരൽ പിടിച്ച് അക്ഷരങ്ങളിലൂടെ കൊണ്ടുനടന്ന ഗുരുവാണ് കൂടുതൽ ആദരിക്കപ്പെന്നത്.നമ്മുടെ ജീവിതത്തിന്റെ വിളക്കും വെളിച്ചവുമായ അദ്ധ്യാപകരെ വാക്കുകൾ കൊണ്ടുപോലും മുറിവേൽപ്പിക്കാതിരിക്കിൻ നമ്മുക്ക് കഴിയണം.കള്ളല്മാർ അപഹരിക്കാത്തതും രാജാവിനാൽ പോലും എടുക്കപ്പെടാൻ കഴിയാത്തതും  സഹോദരൻമാർക്ക് വീതം ചെയ്യത് കൊടുകെണ്ടതും നികുത്തി ഭാരമ്മില്ലാത്തതും ചിലവഴിക്കുംതോറും വർധിക്കുന്നതുമായ വിദ്യ നമ്മുക്കായ് പകർന്നതന്ന അദ്ധ്യാപകരെ നാം ബഹുമാനിക്കണം.മതവും രാഷ്ട്രിയവും ഇരുളലക്കൊണ്ട് മിഴിമൂടുന്ന വർത്തമാനകാലക്ലാസ്മുറികളിൽ,തരം തിരിവുകൾ ഇല്ലാത്ത സാഗര സാക്ഷികളായി  ഗുരു ഉയരുന്നു.ഓരോ മനസ്സിലും  വിദ്ധ്യാർത്ഥിയെ പാഠപുസ്തകമാക്കാനുള്ള പ്രയ്ത്നം ആണ് .
അധ്യായനം എന്ന് ജീവിത് കൊണ്ട് ഓരോ അദ്ധ്യാപകരും പഠിപ്പിക്കു..



ഓർക്കാം ,

"ഗുരു ദേവോ ഭവ"

ആതിര ജെയിംസ്.

# എന്റെ ഓർമ്മയിലെ പ്രളയദുരന്തം

മലയാളി ജീവിതംമുങ്ങിപ്പോയി
കേരളമാകെതാണപോയി
എനിക്കാവതില്ല കണ്ടിരിക്കാൻ
എനിക്കാവതില്ല കാണാതിരിക്കാൻ
മനുഷ്യന്റെ ചെയ്തികൾ
നിമിത്തമല്ലയോ? മഹാ-
പ്രളയദുരന്ത മിന്നിവിടെ
വന്നെത്തിയത്
എന്തുകഷ്ടം!എന്തുദയനീയം
നാട്ടുകാർ ഒഴുകിയും,



നിലവിളിയുടെ നിൽക്കുന്നതും
കണ്ടുനിൽക്കാൻ
ഉരുൾ പൊട്ടലിലും മണ്ണിടിച്ചിലും
തകർന്നുപ്പോയി വീടുകൾ
സ്ഥാപനങ്ങൾ നാടുക-ളോരോന്നായ്
പിഞ്ചോമനകളുടെ പിഞ്ചുമനസ്സിൽ
അദ്യമായി വന്നൊരു മഹാപ്രളയം!
അതാദ്യമായും അവസാനമായും
കണ്ടു പല മലയാളികളുടേയും മനസ്സിൽ
മാറിയില്ല,മാറിയിട്ടില്ല,മാറികയില്ല
മലയാളിയിൽനിന്നാ ഓർമ്മകൾ
ഇന്നും തുടിക്കുന്ന മലയാളി മാനസ്സം
നല്ലൊരു സുന്ദരമായൊരു കേരളത്തിനായ്

അശ്വിൻ റോബിൻസൺ

# സൗഹൃദം [ ഉപന്യാസം]

മുന്നറിയിപ്പുകൂടാതെ നിനച്ചിരിക്കാത്ത,വേളകളിൽ തട്ടിവീഴുന്ന വഴിയാണ് മനുഷ്യജീവിതം.ജീവിതത്തിന്റെ മരുഭൂമിയിൽ സ്നേഹസാനിധ്യത്തിന്റെ മരപ്പച്ചകൾ തീർക്കുന്നവരാണ് സുഹൃത്തുക്കൾ.

കല്ലും,മിള്ളും നിറഞ്ഞ ജീവിതവഴികളിൽ സ്നേഹവും,സൗഹൃദവും,പങ്കുവെച്ചും ഇണങ്ങിയും പിണങ്ങിയും ചിരിച്ചും ചിരിപ്പിച്ചും ജീവിതദർശനങ്ങൾക്ക് നിറച്ചാർത്തുകൂട്ടുന്നവരാണവർ അറിയാതെ അടുക്കുന്നവർ ,പക്ഷെ ജീവിതത്തിന്റെ ഭാഗമായി- ത്തീരുന്നു എന്നതാണ് സൗഹൃദത്തിന്റെ മാജിക് .

അജീഷും,വിജീഷും സുഹൃത്തുക്കളായിരുന്നു.അജിഷ് താമസിച്ചരുന്നത് കുന്നിൻ മുകളിൽ.....വിജീഷാകട്ടെ കുറെ അകലെയുള്ള ഒരു തടാകത്തീരത്തും. കുന്നിൻ മുകളിൽ താമസിച്ച അജീഷ് ഒരിക്കൽ ഒരു രോഗം വന്ന് കിടപ്പിലായ വിവരമറിഞ്ഞ വിജീഷ് അയാളെ കാണാനെത്തി.അപ്പോൾ ഒരു പ്രത്യേകതരം സമ്മാനം സുഹൃത്ത് രോഗിക്ക് നൽകി. രോഗികാക്കട്ടെ സമ്മാനം ഏറെ ഇഷ്ട്ടപ്പെട്ടുകയുംചെയ്തു.വിജീഷ് എപ്പോഴും കാണുകയും അയാൾക്കിഷ്ടമാണെന്നറിയാവുന്ന സമ്മാനം എപ്പോഴും നൽക്കുകയും ചെയ്തു.വിജീഷിന്റെ പരിചരണവും ,പ്രത്യേക സമ്മാനവും വഴി അജീഷിന്റെ രോഗം മാറി.അപ്പോൾ രണ്ടുപേർക്കും ഏറെ സന്തോഷമായി. കുറെനാൾ കഴിഞ്ഞപ്പോൾ തടാകക്കരയൽ താമസിച്ചീരിന്ന വിജീഷുന അസുഖംപിടിപ്പെട്ടുന്നറിഞ്ഞപ്പോൾ

അജീഷ് പതിവായി അയാളെ സന്ദർശിക്കുവാനെത്തി അപ്പോൾ അയാളും രോഗിക്ക് ഒരു പ്രത്യേക സമ്മാനം നൽകി.അയാൾ എപ്പോഴൊക്കെ  സുഹ്രത്തിന് കാണാൻ പോയോ അപ്പോഴക്കെ എറ്റവും ഇഷ്ട്ടപ്പെട്ട സമ്മാനം കൊടുക്കാൻ ശ്രദ്ധിച്ചിരുന്നു.എന്തായിരുന്നെന്നോ അവർ പരസ്പരം എപ്പോഴും നൽകിയിരുന്ന സമ്മാനം? "സമയം"  അതെ അവർക്കിരുവർക്കും എപ്പോഴും  വേണ്ടിയിരുന്നത് പരസ്പരമുള്ള സ്നേഹസാനിധ്യമായിരുന്നു.അതായത് ഓരോരുത്തർക്കും വേണ്ടിയിരുന്നത് മറ്റേയാളുടെ സമയമായിരുന്നു. ആധുനിക യുഗത്തിലെ

മനുഷ്യർ തിരക്കിന്റെ ഇരകളായി മാറുന്നു .ഇന്ന് എല്ലാവരും തിരക്കിലാണ് ,തിടുക്കത്തിലാണ്.സാനിധ്യത്തിനും സാമീപ്യത്തിനുമിന്ന്  പുല്ലുവില.തിരക്കിനടിയിൽ ശിഥിലമാകുന്ന സുഹൃത് ബന്ധങ്ങളെ അതികമാരേയും ചിന്ത്പ്പിക്കാറില്ല.....കാരണം,അത്രമാത്രം തിരക്കാണ് നമ്മുക്കൊക്കെ. മാതാപിതാക്കൾ ഉദ്യോഗസ്ഥരാണ്.തിരക്കുമൂലം മക്കൾക്കുവേണ്ടിയോ ,സുഹൃത്തുകൾക്കുവേണ്ടിയോ,പൊതുനന്മയ്ക്കുവേണ്ടിയോ മാറ്റിവയ്ക്കാൻ അവർക്ക് സമയമില്ല.മക്കളുടെ കാര്യവും തിരിച്ചല്ല.അവർക്കും പഠനം മൂലവും, ജോലികൾ മൂലവുമൊക്കെ വലിയ തിരക്കുതന്നെ .സമയമില്ലായ്മ ഇന്നിന്റെ ശാപമായി മാറികഴിഞ്ഞു. ഏറ്റവും രസകരമായ അഥവാ മനുഷ്യൻ ചിന്തിക്കാത്ത ഒരു സത്യം മരണംനമ്മെ ഗ്രസുക്കുന്ന നിമിഷം വരെ  എല്ലാവർക്കും ലഭിക്കുന്ന സമയം ഒരുപോലെ തന്നെയാണ് എന്നുള്ളതാണ്.ആർക്കും ഒരുദിവസത്തിൽ 24 മണിക്കൂറിൽ ഒരു സെക്കന്റ് കൂടുതലോ  കുറവോ

ലഭിക്കുന്നില്ലല്ലോ? .സമയത്തിന്റെ മൂല്യത്തെക്കുറിച്ചും അവബോധമുള്ളവർ
തങ്ങൾക്ക് ലഭിക്കുന്ന ഓരോ നിമിഷവും ഏറ്റവും മെച്ചപ്പെട്ട രീതീയിൽച്ചിലവഴിക്കാൻ ശ്രമിക്കും.എന്നാൽ സമയത്തിന്റെ പ്രധാന്യത്തെക്കുറിച്ച് ബോധമ്മില്ലാത്തവരാകട്ടെ തങ്ങളുടെ സമയം ചിലവഴിക്കുകയും ചെയ്യും.നമ്മുക്ക് ലഭിച്ചിരിക്കുന്ന ദൈവത്തിന്റെ ഏറ്റവും
വലിയദാനമാണ് സമയം.നാളേയ്ക്കുവേണ്ടി നാമെന്തെല്ലാം മനക്കോട്ടകൾ കെട്ടിയാലും ഇന്നിനോട് നാം സഹകരിക്കുന്നില്ലെങ്കിൽ എന്ത് പ്രയോജനം.നിന്റെ സമയം നിന്റെ സ്വന്തമല്ല.നിന്റെ സുഹൃത്തും സഹോദരനും,മാതിപിതാക്കളും മക്കളും അതിനാവകാശികളാണ്.അതുകൊണ്ടാവാം കാണപ്പെടുന്ന സഹോദരനെ സ്നേഹിക്കാത്തവന് കാണപ്പെടാത്ത ദൈവത്തെ സ്നേഹിക്കുവാൻ സാധിക്കുകയില്ലെന്ന് ബൈബിളിൽ കുറിക്കുക.നാം പ്രതിക്ഷിക്കാത്ത നേരത്തിൽ സമയം
കടന്നുപോവുകയാണ്.നമ്മുക്കന്യരുടെ മനസ്സിൽ ഒരോർമ്മയായി, അവരുടെ ജീവിതത്തിന്റെ ഭാഗമായ് മാറാം ."2019" നമ്മുടെ പുതിയജീവിതത്തിന്റെ തുടക്കമാവട്ടെ..



-റോസ്മേരി എം ജോബി

# ഗുരു

ഗുരുവിനായെന്ത് നൽകണമെന്നെനിക്ക-
റിവില്ലസോദരീ ഇന്ന്
പുലർക്കാലെ സൂര്യനെ കമികണ്ടുണരവെ
ഉതിർന്നുള്ളിലായൊരു സംശയം
അലക്കടലാകുന്ന പുസ്തകതാളുകൾക്കുള്ളിലായ്
അറിവിന്റെ ലോകം തുറന്നിടവേ
എളിമതൻ കോണിപ്പടിപ്പുരവാതിലിൽ
തുറന്നവനെൻമുന്നിലായ്
അറിവിന്റെ ലോകം തുറന്നുകാട്ടി
അതിന്നുള്ളിലേക്കെന്നെ ആനയിച്ചു
ഗുരുവിന്റെ ചുണ്ടിൽ നിന്നുയരുന്ന അറിവിന്റെ
മാധുര്യം കേട്ട് വളർന്നവർ നാം
ഗുരു നമ്മുക്കെന്തു  നൽക്കിയെന്നു
ചിന്തിച്ചുനിൽക്കുന്നു ശിഷ്യരാം നാം
സുന്ദര പുഷ്പത്തിനടിയിലായ് കാൺമു
വിഷമുള്ളവർ എന്ന തിരിച്ചറിവ്
കഠിനമാം അറിവിന്റെ പാതകൾ
പടിപടിയായി നാം താണ്ടീടവേ
അറിയുന്ന ഗുരുവെന്ന വിശ്വസ്തം
ചിന്തകൾകൊടുവിലായറിയുന്നു ഞാനാ
ഗുരുവെന്ന വാക്കിന്റെ അർത്ഥഭംഗി
എന്നിട്ടും അറിവില്ല സോദരീ
ഗുരുവിനായെന്തു നലകണം ഞാൻ

അൽഘ ബാലൻ

# മധുരമീ ബാല്യം

ഓരോരോ ഓർമ്മയിൽ മധുരം പകർന്നിടും
തേന്മുറും മിഠായി എന്റെ ബാല്യം
ഓരോരോ നേരത്ത് സുഗന്ധം പകർന്നിടും
മുക്കുറ്റി മുല്ലയാണെന്റെ ബാല്യം

പുസ്തകത്താളിലായ് ഒരുമയിൽപ്പീലി ഞാൻ
പൊത്തിയൊളിപ്പിച്ച് വച്ച കാലം
മാവിന്റെ കൊമ്പിലായ് ഊഞ്ഞാലുകെട്ടി
ആടിക്കളിച്ചൊരാ പോയകാലം
പുഴയോടും പൂക്കളോടും
കിന്നാരം ചൊല്ലിനടന്നകാലം

മധുരിക്കും കാലമെൻ ബാല്യകാലം
എത്ര സുഖമാണിതെന്റെയാ ബാല്യകാലം

എമിൻ മരിയ തോമസ്[9-B]

# അമ്മതൻ സ്നേഹം

സ്നേഹമെന്നെ പഠിപ്പിച്ചതമ്മ
എന്റെ ദൈവവും സർവ്വവുമമ്മ
എന്റെ സങ്കടംതീർക്കുന്നതമ്മ
എന്റെ തണലായി മാറുന്നതമ്മ
എന്റെ തണലായിമാറുന്നതമ്മ
ഞാനാദ്യമായി കണ്ണുകൾ
തുറന്ന നേരംകണ്ടതീയമ്മയെ
അമ്മയെന്നത് രണ്ടക്ഷരമല്ല
അമ്മ സർവ്വവുമാണെനിക്കെന്നും
ചൊല്ലി ഞാനാദ്യമായി നാവിലെൻ
അമ്മയെന്ന സ്നേഹത്തെ
ചൊല്ലിത്തരം നല്ലവഴികൾ
അരുത് തെറ്റിലേക്കൊന്നും മൊഴിയും
ഇല്ല ഞാനെത്ര സമ്പന്നനാകിലും
സിഖവും ദുഖവും എന്ത് വന്നടിലും
അമ്മയെമറന്നില്ലെനിക്കെന്നമേ-
ജിവിതം,എനിക്കെല്ലാമെൻ അമ്മ
അണഞ്ഞാലുമെന്നിൽ അണയാതെ നിൽക്കും
കത്തി ജ്വലിക്കും സ്നേഹ ദീപമെന്നമ്മ

ബിന്റു മാത്യു[9c]

# അമ്മയുടെ സ്നേഹം

മനുഷ്യമനസ്സിലെ നന്മകൾ
മൺമറഞ്ഞുപോയ കാലമേ
എന്തിനായിരുന്ന ഭൂമിതൻ
സുന്ദരമുഖം വികൃതമാക്കും
അഹങ്കാരങ്ങൾ കോലാഹലങ്ങൾ
തുള്ളയായി പെയ്തിറങ്ങിയ മഴ
ദുഖമായി തിന്ന പ്രളയം
മറച്ചു പോരായ്മകളെ
മായ്ച്ചു കോലാഹലങ്ങൾ
തീർത്തു സ്നേഹത്തിൻ നൂൽ
ജീവൻ നൽകി കരങ്ങൾ
തോളിലേറ്റിയ നിമിഷങ്ങൾ
പെയ്ത മഴ ഐക്യത്തിൻ മഴയോ
പെയ്തിറങ്ങിയത് മനസ്സിലേക്കോ
മറക്കുമോ ആ മഴക്കാലം
ഇനിയും സമയങ്ങൾ ബാക്കി
അടയാളമായ ആ പ്രളയം
മനസ്സിലാക്കുമോ മാനവർ
മറക്കുമോ സ്നേഹത്തിൽ
കോർക്കേണ്ട ജീവിത മുത്തുകൾ

# അമ്മയാം മാലാഖ (കവിത)

പാല്യൂട്ടി ലാളിച്ച  വാത്സല്യ മുത്തുകൾ പൊരിയുന്ന
സ്നേഹംശ്രു നിറഞ്ഞ മിഴികളോടെ
നമ്മെ താലോലം പാടി പാവനമാം
മടിത്തട്ടിൽ നിദ്രയിലെക്ക് നയിക്കുന്നമ്മ
ഒക്കത്തെടുത്തിട്ട് മുത്തങ്ങൾ നൽകീട്ട
മന്ദമായ് ആടി ചോറുരുളകൾ
കൊഞ്ചിമൊഴിയുന്ന പിഞ്ചുകുരുന്നിന്റെ
കുഞ്ഞുചുണ്ടിനകത്തേക്കു നൽകുമ്മ
നാം ചിരിക്കുമ്പോൾ മനം നിറച്ചും
കുളിരുക്കൊണ്ട് പുഞ്ചിരിച്ചും കൊണ്ടുക്കുമ ഉമ്മ
നമ്മൾ കരയാതെ കരയുന്ന നേരത്തെ
യെന്ന അരികിൽ ആയ് ആശ്വാസവചസ്സുകള് ചോല്ലും
നമ്മെ ജീവിതം ത്യജിച്ച വളർത്തിയ മാതാവിനെ നിന്ദ്യതയോടെ
പിച്ഛികുന്ന നാം പാവനമേറുന്ന അമ്മതൻ നെഞ്ചിലായി
നീറുന്ന ദു:ഖങ്ങൾ നൽകുന്ന നാം
ഇനിയരുതേ സുഹൃത്തേ ചെയ്യരുതേ
ഇനി കരയുന്ന അമ്മയ്ക്ക് തണലായിടാം
ആ കണ്ണീരിനു പകരം സന്തോഷം മെനയാം

-അഷ്മില വി.എസ്
10 A

## വളരുന്ന വൃദ്ധസദനങ്ങൾ (ലേഖനം)

സാംസ്കാരിക കേരളത്തിന്റെ ഏറ്റവും വികൃതമായ ഒരു മുഖമാണ് വൃദ്ധസദനങ്ങളുടെ ആധിക്യം.വൃദ്ധരായ മാതാപിതാക്കളെ കരുണയില്ലാതെ ഉപേക്ഷിക്കുന്നവരുടെ കേരളത്തിലാണ് ഇന്ന് നാം ജീവിക്കുന്നത്.വൃദ്ധരായ മാതാപിതാക്കൾ ഇന്ന് പലർക്കും അധികപറ്റാണ്.തെറ്റിൽ നിന്നും ശരിയിലേക്ക് നമ്മെ നയിച്ച മാതാപിതാക്കൾ കാലം കഴിയുമ്പോൾ ഒരു ശല്യമായി മാറുന്നു.

വാർദ്ധക്യം ഒരു ശാപമാണെന്നും വിശ്രമ ജീവിതം മാത്രമാണ് വൃദ്ധരുടെ ഏകാശ്രയമെന്നും ഇന്ന് ഭൂരിപക്ഷം ആളുകളും വിശ്വസിക്കുന്നു.തിരക്കും സ്വകാര്യ താൽപര്യങ്ങളും മാതാപിതാക്കളെ ഉപേക്ഷിക്കാനുള്ള കാരണമായി ഇവർ പറയുന്നു.ആധുനിക ജീവിതം തിരക്കുപിടിച്ചതാണ്.ആ തിരക്കിനിടയിൽ മാതാപിതാക്കളെ ഒരു ബാധ്യതയായി കാണുന്നവരുമുണ്ട്.പുതിയ തലമുറയുടെ പുരോഗമന ചിന്തകൾ വൃദ്ധതലമുറ ശരിവയ്ക്കാത്തതാണ് ഇതിനുള്ള പ്രധാന കാരണം.ഈ കാരണത്താൽ അവരെ സംരക്ഷിക്കാൻ നാം മടിക്കുന്നു.അവർ ഒരു ബാധ്യതയായി മാറുന്നു.

അതിനാൽ നിർദ്ദയം അച്ഛനമ്മമാരെ അനാഥരെ പോലെ വൃദ്ധസദനങ്ങളിൽ തള്ളുമ്പോൾ ഭാവി നമുക്കായി കരുതിവച്ചിരിക്കുന്നതും ഇതു തന്നെയാണ് എന്ന് നാം അറിയണം.

സാന്ദ്ര എലിസബത്ത് സിബി

## ഓർമ്മകൾക്കപ്പുറം അമ്മ (കവിത)

ഉണ്ണിക്കിടാവ് തൻ കൈവിരൽ തുമ്പിനാൽ
പിച്ചവച്ചിട്ടുമാ നല്ലക്കാലം
തൻ ഉള്ളംകൈയ്യിലെ ചോറുകഴിക്കുവാൻ
അമ്പിളിമാമനെ കാട്ടിയനാൾ
അകലേക്ക് പോയപ്പോൾ എന്നുടെ ഉണ്ണി
ഞാൻ ഒറ്റക്കിരിക്കും കടത്തിണ്ണയിൽ
കാവലായി എന്നുടെ ഉണ്ണിവരും മുമ്പേ
നിൽക്കുന്നു കാവലായി തെണ്ടിപ്പട്ടി
എന്നു തിരിച്ചുവരുമെന്നുടെ ഉണ്ണി
എന്നുള്ളം കൈയ്യിലെ ചോറുതിന്മാൻ
തിരികെ നീ വരുമെന്ന പ്രതീക്ഷയോടെ
എന്നുണ്ണിയെ തേടി ഞാൻ കാത്തിരിപ്പൂ

- റോസ്മേരി പോൾ
9 [c]

# നന്ദി

നന്ദി..........

കൈറ്റ്സിന്റെ കൈയ്യൊപ്പോടെ പ്രകാശനം ചെയ്യപ്പെടുന്ന അദ്യ
ഡിജിറ്റൽ മാഗസിൻ
ഇനിയും പിറവി കൊള്ളേണ്ട കാഴ്ച്ചകളുടെയും കേൾവികളുടെയും
ലോകത്തേക്ക്
ഡിജിറ്റൽ ലോകത്തേക്ക്

പുതുസാധ്യതകളായി ....
ഞങ്ങൾ ലിറ്റിൽ കൈറ്റ്സ് കൂട്ടുകാരും ഞങ്ങളുടെ
പ്രിയപ്പെട്ട അധ്യാപകരും എല്ലാവരും ചേർന്നപ്പോൾ രൂപപ്പെട്ട
വിജയമാണ്

ഒരു തരത്തിൽ പറഞ്ഞാൽ കൈപിടിച്ചുള്ള നടത്തം.
ഇതിനായി ഞങ്ങളോട് സഹകരിച്ച എല്ലാ സന്മനസുകൾക്കും

നന്ദി.ഞങ്ങൾക്കൊപ്പം നിന്ന സിസ്റ്റർ.നാൻസി ടീച്ചർ,സിജി

ടീച്ചർ,സിമി ടീച്ചർ  എന്നിവരോടുള്ള നന്ദി അറിയിക്കട്ടെ .
നേതൃത്വം കൊണ്ട് ഞങ്ങൾക്ക് തണലേകിയ പ്രധാന അധ്യാപിക
റെജീന ടീച്ചർ
പിന്നെ  വിഭവങ്ങൾ നൽകിയ കൂട്ടുകാർ
ഇതിന്റെ മലയാളം ടൈപ്പിങ് നിർവഹിച്ച കൂട്ടുകാർ
പേജുകൾ ഡിസൈൻ ചെയ്തവർ

എല്ലാവർക്കും നന്ദി .......... നന്ദി.

എഡിറ്റോറിയൽ
സമിതി